


# ത്രിതയ വ്യക്തിത്വമുള്ളവർ




ഡോ.സൂസൻ കോരുത്

PhD,MSc,MSW,MBA

http://www.drsusankoruthu.com


www.morningnewsdaily.org

ഡാർക്ക് ട്രയാഡ് അഥവാ ഇരുണ്ട ത്രിതയ വ്യക്തിത്വമുള്ളവർ നാർസിസിസം, മക്കിയവലിനിസം, സൈക്കോപതി എന്നിവയുടെ വ്യക്തിത്വ സവിശേഷതകൾ ഉൾക്കൊള്ളുന്നു. ഇവർ സാമൂഹിക ദ്രോഹ വ്യക്തിത്വങ്ങളായി കണക്കാക്കപ്പെടുന്നു. പക്ഷെ സ്വന്തകാര്യം ഏതു വിധേനയും സാധിച്ചെടുക്കുന്നവരാണിവർ. അതുകൊണ്ടുതന്നെ തനിക്കും തന്നെ താങ്ങുന്നവർക്കും ഇവർ അതുല്യ വ്യക്തിത്വങ്ങളായിരിക്കും.

ഇവർ ജീവിതത്തിൽ അനുകമ്പയും, യോജിപ്പും, സഹാനുഭൂതിയും, സംതൃപ്തിയും വളരെ കുറവുള്ളവരോ അല്ലെങ്കിൽ തീരെ ഇല്ലാത്തവരോ ആയിരിക്കും. ഇവർക്ക് തങ്ങളും മറ്റുള്ളവരും നല്ലവരാണെന്നുള്ള വിശ്വാസവും കാണുകയില്ല. ഇവരുടെ വിചാരം ആരും അത്ര നല്ലവരൊന്നുമല്ല എന്നാണ്. മറ്റുള്ളവരുമായുള്ള ഇടപെടലുകളിൽ ഏറ്റവും നിർദ്ദയമായും, കാർക്കശ്യത്തോടെയും അല്ലെങ്കിൽ കൗശലത്തോടെയും തങ്ങളുടെ കാര്യങ്ങൾ സാധിച്ചെടുക്കാൻ ഇവർക്ക് കഴിയും. ഇവരിൽ ഒരേപോലെ കുടികൊള്ളുന്ന മൂന്നു വ്യത്യസ്ത്യ വ്യക്തതിത്വങ്ങളെ നമ്മുക്കൊന്നറിയാൻ ശ്രമിക്കാം.

അതിൽ ഒന്നെമത്തേതാണ് നാർസിസ്സം. നാർസിസ്സത്തിന്റെ സ്വഭാവസവിശേഷത, അഹന്ത, ഗാംഭീര്യം, അഹംഭാവം എന്നിവയുടെ അതിപ്രസരവും, സഹാനുഭൂതിയുടെ അഭാവവുമാണ്. ആത്മാരാധന, ആത്മപ്രശംസ, സ്വന്ത ഗുണങ്ങളിൽ മതിമറക്കുക, സ്വന്ത രൂപത്തെ ആരാധിക്കുക എന്നിവയൊക്കെയും നാർസിസ്സത്തിന്റെ പ്രത്യേകതയാണ്. താനെന്തോ മഹാസംഭവം ആണെന്നാണ് ഇവരുടെ വിചാരം. ഞാനെന്ന ഭാവത്തിൽ മതിമറന്ന് മറ്റുള്ളവരെ താഴ്ത്തിത്തികെട്ടാനും, മറ്റുള്ളവരുടെ കുറവുകളേയും കുറ്റങ്ങളേയും എന്തിനു അവരുമായി ബന്ധമുള്ളവരുടെ പോലും കുറ്റങ്ങളെ പർവ്വതീകരിച്ചു തങ്ങളെ നല്ലവരാക്കി പ്രദർശിപ്പിക്കാനും, മറ്റുള്ളവരെ തങ്ങളുടെ കപടമായ വ്യക്തി പ്രഭാവത്തിൽ മയക്കാനും ഇവർക്ക് ഒരു പ്രത്യേക കഴിവുണ്ട്.

അടുത്ത സ്വഭാവമാണ് മക്കിയവലിനിസം അതായതു കാര്യം കാണാനായി എന്തും ചെയ്യുവാൻ മടിയില്ലാത്ത യുക്തിതന്ത്രമുള്ള, കുടിലതയുള്ള വ്യക്തിത്വം. മറ്റുള്ളവരുടെ മേലുള്ള അധാർമ്മിക ചൂഷണവും, വൈകാരിക നിഷ്ക്രിയത്വവും ഇവരുടെ പ്രത്യേകതയാണ് . തീവ്രമായ സ്വാർത്ഥ താൽപര്യത്തിലൂന്നിയുള്ള പ്രവൃത്തികൾ ചെയ്യുന്നതിൽ ഒട്ടും മനഃക്ലേശമില്ലാത്തവരാണ് ഇത്തരത്തിലുള്ള വ്യക്തിത്വമുള്ളവർ. നിഷ്കളങ്കമായ പെരുമാറ്റത്തോടെ തന്ത്രപരമായ രീതിയിൽ മറ്റുള്ളവരുടെ വിശ്വാസത്തെ തനിക്കനുകൂലമാക്കി തീർക്കാൻ ഇവർക്ക് നല്ല കഴിവാണ്. നമ്മുക്കിവരെ എല്ലാ മേഖലകലിമും കാണാൻ സാധിക്കും, പ്രത്യേകിച്ച് രാഷ്ട്രീയത്തിലും, ജോലിസ്ഥലങ്ങളിലും. എങ്ങിനെയും മറ്റുള്ളവർക്ക് പാരവച്ചു സ്വന്തം സിംഹാസനം ഉറപ്പിക്കുക എന്നതായിരിക്കും ഇവരുടെ പരമമായ ലക്ഷ്യം. അതിനുവേണ്ടി മറ്റുള്ളവരെ താറടിച്ചു കാണിക്കാനും, മറ്റുള്ളവരുടെ വേദന മനസ്സിലാക്കാതെ അവരെ ദ്രോഹിച്ചാണെങ്കിലും സ്വന്തം കാര്യം നേടാൻ ഇവർക്ക് യാതൊരു മടിയും കാണില്ല. കുടിലമായ തന്ത്രങ്ങൾ മെനയാൻ കെല്പുള്ളവരാണിവർ. ഇങ്ങനെയുള്ളവർ രാഷ്ട്രീയത്തിലും, ജോലിസ്ഥാലത്തും തങ്ങളുടെ ആധിപത്യം ഉറപ്പിക്കാൻ കെല്പുള്ളവരാണ്. ഇവരുടെ വളർച്ചക്ക് ഭീഷണിയായവരെ ഏതുവിധേനയും തകർക്കാൻ ഇവർ ശ്രമിക്കും. അതുപോലെ ഇവരുടെ സുരക്ഷിതത്വത്തിനു ഭീഷണിയാകുന്ന ആരെയും ഇല്ലാതാക്കാൻ ഇവർക്ക് ഒരു കുറ്റബോധവും കാണില്ല. ഇവർ ചെയ്യുന്നതിനെല്ലാം ഇവരുടേതായ ന്യായങ്ങൾ നിരത്താനും മറ്റുള്ളവരെ വിശ്വസിപ്പിക്കാനും ഇവർക്ക് അതുല്യമായ സാമർത്ഥ്യമുണ്ട്. സത്യസന്ധരും, നിഷ്കളങ്കരുമായ 'നേരെ വാ നേരെ പോ' എന്ന് ചിന്തിക്കുന്നവരുടെ ഭാവി ഇവരുടെ കയ്യാൽ ഞെരിഞ്ഞമർന്നു കരിഞ്ഞു പോകുക സ്വാഭാവികമാണ്. ഇങ്ങനെയുള്ളവരുടെ അടുത്തു നിന്നും നല്ല അകലം പാലിക്കുക എന്നതാണ് ഏറ്റവും ഫലപ്രദമായ രീതി.

മൂന്നാമത്തെ സ്വഭാവ സവിഷേതയാണ് സൈക്കോപതി. മാനുഷികമൂല്യമില്ലാത്ത ചിന്തകളിലും പ്രവൃത്തികളിലും ഏർപ്പെടുന്ന തുടർച്ചയായ സാമൂഹിക വിരുദ്ധ സ്വഭാവമുള്ള, ചിന്തിക്കാതെ വാശിപ്പുറത്ത് പ്രവൃത്തിക്കുന്ന, ക്ഷുഭിതയുള്ള, സ്വാർത്ഥത നിറഞ്ഞ, ഹൃദയശൂന്യരായ ഇവർ മറ്റുള്ളവരുടെ വികാരവിചാരങ്ങളെയോ സ്വന്തബന്ധങ്ങളെയോ മാനിക്കുകയില്ല. ഇവർ ചെയ്യുന്ന ദോഷകരമായ പ്രവൃത്തിയിൽ തീരെ അനുതാപമില്ലാത്തവരായിരിക്കുമിവർ. ഇവരുടെ ഇടപെടലുകളെല്ലാം തന്നെ കുടിലത നിറഞ്ഞതായിരിക്കും. തന്റെ നിലനില്പിനും, സ്വാർത്ഥലാഭത്തിനും, ആനന്ദലബ്ധിക്കും വേണ്ടി മറ്റുള്ളവരെ ഉപദ്രവിക്കുന്നതിൽ ഒട്ടും മനഃക്ലേശമില്ലാത്തവരാണിവർ.




ഇപ്രകാരമുള്ള മൂന്ന് ദ്രോഹ സ്വഭാവ സവിഷേതകളുടെ മേളനമുള്ള വ്യക്തിത്വങ്ങളാണ് ഇരുണ്ട ത്രിതയ വ്യക്തികൾ. ഇങ്ങനെയുള്ള തൻകാര്യക്കാരായ ദ്രോഹ വ്യക്തിത്വങ്ങളിൽ ഈ മൂന്ന് വക്തിത്വ സവിശേഷതകളും വിവിധ അനുപാതത്തിലായിരിക്കും ഓരോരുത്തരിലും ഉൾക്കൊണ്ടിരിക്കുക. ചിലരിൽ നാർസിസ്സമായിരിക്കും കൂടുതലായി കാണുക, മറ്റു ചിലരിൽ മക്കിയവലിനിസമായിരിക്കും മുന്നിട്ടു നിൽക്കുക, മറ്റു ചിലരിൽ സൈക്കോപതിയായിരിക്കും കൂടുതലായി കാണുക. ഇനിയും ചിലരിൽ രണ്ടു സവിശേഷതകൾ പ്രബലമായും, ഒരെണ്ണം ദുർബ്ബലമായും കാണാറുണ്ട്. എന്നാൽ ചുരുക്കം ചിലരിൽ ഈ മൂന്ന് സ്വഭാവസവിശേഷതകളും പ്രബലമായിത്തന്നെ കാണും. ഒരു വ്യക്തിയിൽ വേരൂന്നിയിരിക്കുന്ന നാർസിസ്സം, മക്കിയവലിനിസം, സൈക്കോപതി എന്നിവയുടെ വ്യത്യസ്തങ്ങളായ പ്രബലതയനുസരിച്ച് ആ വ്യക്തിയുടെ ദ്രോഹപ്രവൃത്തികളുടെ തീവ്രത വ്യത്യാസപ്പെട്ടിരിക്കും.

ഇരുണ്ട ത്രിതയ വ്യക്തിത്വങ്ങളെ നമ്മുടെ സമൂഹത്തിലും, കുടുംബത്തിലും, രാഷ്ട്രീയത്തിലും, ജോലിസ്ഥലത്തും ഒക്കെ കാണാൻ സാധിക്കും. തങ്ങളുടെ വിജയം മാത്രമാണ് അവരുടെ ലക്ഷ്യം. ലക്ഷ്യമാണ് പ്രധാനം മാർഗ്ഗമല്ല എന്ന് വിശ്വസിക്കുകയും അതനുസരിച്ചു പ്രവർത്തിക്കുകയും ചെയ്യുന്നവരാണിവർ. മറ്റുള്ളവരെ താറടിച്ചു കാണിക്കാനും, മാനസികമായും, ശാരീരികമായും തകർക്കാനും ഇവർക്ക് ഒരു മടിയും കാണില്ല. തനിക്കെതിരായ എന്തിനെയും, ഏതിനെയും, ആരെയും ഉന്മൂലനം ചെയ്യുക എന്ന സിദ്ധാന്തത്തിൽ വിശ്വസിക്കുന്നവരാണിവർ. തങ്ങളുടെ പുരക്കുമീതെ വീഴുമെന്നു തോന്നിയാൽ എത്ര ഫലം തരുന്ന വൃക്ഷമാണെങ്കിലും മുറിച്ചു മാറ്റണം എന്ന സിദ്ധാന്തത്തിന്റെ നിർവ്വാഹകരാണിവർ. അതിലിവർക്കു ആരെന്നോ എന്തെന്നോ ഒരു നോട്ടവും കാണില്ല. കുറ്റബോധം തീരെ ഉണ്ടാവുകയുമില്ല. ഇവർക്കെപ്പോഴും പക, പ്രതികാരം, എന്നീ ദ്രോഹ ചിന്തകളായിരിക്കും സർവ്വപ്രബലമായി ഉണ്ടാവുക.

തങ്ങൾക്കെതിരെയായി ഉയരുന്ന ഏതു ശബ്ദവും ഇവരെ കോപാകുലരാക്കും. അതിയായ ഉത്കണ്ഠയും, മനസ്സികപിരിമുറുക്കവും,ബഹിർമുഖത്വവും ഇവരുടെ സവിശേഷതയാണ്. ത്രില്ലിംഗ് ആയുള്ള പ്രവർത്തനങ്ങളിലേർപ്പെടുന്നതും, വീരാരാധന സൃഷ്ടിക്കുന്ന രീതിയിൽ സംസാരിക്കുകയും, പെരുമാറുകയും ചെയ്യുന്നതും ഇവരുടെ രീതിയാണ്.

മറ്റുള്ളവരെ അംഗീകരിക്കാൻ ഇവർക്കു വളരെ ബുദ്ധിമുട്ടായിരിക്കും. എല്ലാവരെയും അടക്കി ഭരിക്കാനാണ് ഇവർക്കു താല്പര്യം. തങ്ങൾക്കെതിരായി ആരും ഉയർന്നു വരാനോ, എന്തിനു എതിരായി ഒരു ശബ്ദമുയരാനോ ഡാർക്ക് ത്രിതയ വ്യക്തികൾ അനുവദിക്കുകയില്ല. ഭാര്യയാലും, മക്കളായാലും, ആരായായാലും ഇവരെ എതിർക്കുന്നവരെ വച്ച് പൊരിപ്പിക്കാൻ ഇവർ തയ്യാറാവില്ല. അതുകൊണ്ടു തന്നെ ഇവരുടെ കൂടെ ജീവിക്കുന്നവർ ഇവരുടെ ഈഗോയെ സഹിച്ചു ജീവിക്കാൻ പറ്റുന്നവരായിരിക്കണം. അല്ലെങ്കിൽ ജീവിതം വളരെ ദുസ്സഹവും വേദനാജനകവുമായിരിക്കും. പുറത്തോ, അകത്തോ ഇവർക്കെതിരായി ശബ്ദമുയർത്താൻ ഇവർ അനുവദിക്കുകയില്ല. ഇവരുടെ വഴിയിൽ തടസ്സമാവാതെ അല്ലെങ്കിൽ ഇവരുമായി ബന്ധമുള്ള ഒരു കാര്യത്തിലും ഇടപെടാതെ മുൻപോട്ടു പോയാൽ മാത്രമേ ഇങ്ങനെയുള്ളവരുടെ കൂടെ ജീവിക്കാൻ സാധ്യമാവുകയുള്ളൂ. അഭിപ്രായങ്ങൾ പറയുമ്പോൾ ഇവരെ പിന്താങ്ങുന്ന രീതിയിലായില്ലെങ്കിലും ഹനിക്കുന്ന രീതിയാലാകാതിരിക്കാൻ പരമാവധി ശ്രദ്ധിക്കണം.

ഇങ്ങനെയുള്ള വ്യക്തിത്വങ്ങൾ എല്ലാ കാലത്തും എല്ലായിടത്തും ഉള്ളതുകൊണ്ടാണ് മനുഷ്യരെ മനസ്സിലാക്കി ജീവിക്കാനും. തന്മയത്വത്തോടെ പ്രവർത്തിക്കാനും, സ്വന്തം ജീവിതത്തെ മനസ്സിലാക്കി വെറും വരായ്കകൾ മനസ്സിലാക്കിയും ജീവിക്കാൻ നാം പഠിക്കുകയും നമ്മുടെ മക്കളെ പഠിപ്പിക്കുകയും വേണം എന്ന് മുതിർന്നവർ പറഞ്ഞിരുന്നത്. എല്ലാവരും നല്ലവരല്ല എന്നും എപ്പോഴെങ്കിലുമൊക്കെ ഇങ്ങനെയുള്ളവരെ ജീവിതത്തിൽ നേരിടേണ്ടി വന്നേക്കാമെന്നും അറിഞ്ഞു ജീവിക്കുമ്പോൾ നമുക്ക് ജാഗരണത്തോടെ ജീവിക്കാൻ സാധിക്കും. ജാഗ്രതയോടെ ജീവിക്കാനാണ് എല്ലാ ഹോളി ബുക്കുകളും നമ്മെ പഠിപ്പിക്കുന്നത്. അതുകൊണ്ടുതന്നെ ഇങ്ങനെയുള്ള ദ്രോഹവ്യക്തിത്വങ്ങൾ നമ്മുടെ ചുറ്റും ഉണ്ട് എന്ന് തിരിച്ചറിഞ്ഞു കൊണ്ട്, പരമാവധി അവരിൽ നിന്നും അകന്നു നിൽക്കാനും, അഥവാ അങ്ങിനെയുള്ളവരുമായി ഇടപെടേണ്ടതായ സാഹചര്യമുണ്ടായാൽ നിസ്സംഗ ഭാവത്തോടെ തന്മയത്വത്തോടെ പെരുമാറാൻ ശ്രദ്ധ ചെലുത്തുകയും വേണം. ഇങ്ങനെയുള്ളവരുമായി തുറന്ന ഒരു യുദ്ധം അത്രമേൽ പ്രഗൽഭ്യമില്ലെങ്കിൽ ചെയ്യാതിരിക്കുന്നതാവും ഉചിതം. ഇവരെ ആരു വിചാരിച്ചാലും നന്നാക്കാൻ സാധിക്കില്ല.

ഇനി അവർ തന്നെ നന്നാകണമെന്നു വിചാരിച്ചാൽ നടക്കാൻ സാധ്യതയുണ്ട്. പക്ഷെ ആഡംബരപൂർണ്ണമായ, ഗാംഭീര്യമാർന്ന ജീവിതം ജീവിക്കാനിഷ്ട്ടപ്പെടുന്ന ഇവർ തിരിച്ചു ചിന്തിക്കുക അസാധാരണമായതുകൊണ്ടു തന്നെ അസംഭവ്യവുമാണ്. പിന്നെ ചെയ്യാവുന്നത് നമ്മെ നാം ബലപ്പെടുത്തുക, സംരക്ഷിക്കുക എന്നുള്ളതാണ്.

ഇനി നിങ്ങളിങ്ങനെയുള്ള വ്യക്തിത്വങ്ങളുടെ ഇരകളായിട്ടുണ്ടെങ്കിൽ തനിച്ചു യുദ്ധം ചെയ്യാൻ നിൽക്കാതെ ഒട്ടും മടി കൂടാതെ നിങ്ങളുടെ രക്ഷാമാർഗ്ഗം കണ്ടെത്തുകയാണ് ഉത്തമമായ രീതി. അതിനായി ഉചിതമായവരുടെ സഹായം തേടുന്നതിൽ അമാന്തമരുത്.

www.morningnewsdaily.org


MORNING NEWS PAPER DAILY

SUBSCRIBE

Get the daily newspaper on your computer or mobile just as it appears in print



